ഭരണഭാഷ — മാതൃഭാഷ

നമ്പർ. എ5/11339/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 16-03-2013

## സർക്കുലർ നം. 03/2013

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ബയോമെട്രിക്ക് ഹാജർ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന :-
1. 13.09.2010-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം 315/ജി.എ.ഡി.
2. ഈ ഓഫീസിൽ നിന്നുള്ള 04.06.2012-ലെ സർക്കുലർ നമ്പർ 2/2012.

സൂചന (2) പ്രകാരമുള്ള സർക്കുലറിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ബയോമെട്രിക്ക് രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചതായി സൂചന (2) പ്രകാരമുള്ള സർക്കുലർ പ്രകാരം അറിയിച്ചിരിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആസ്ഥാന കാര്യാലയത്തിലും മേഖലാ കാര്യാലയങ്ങളിലും ഈ സംവിധാനം 01.07.2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ മറ്റ് എല്ലാ ഓഫീസുകളിലും ബയോമെട്രിക്ക് രീതിയിലുള്ള ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും 01.04.2013 മുതൽ ബയോമെട്രിക്ക് രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം നടപ്പിലാക്കേണ്ടതാണ്. ടി സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നടപടികൾ എടുക്കുന്നതിനായി സർക്കുലർ കൈപ്പറ്റിയ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.
2. റ്റി.സി യുടെ സി.എ,ജോയിന്റ് റ്റി.സി യുടെ സി.എ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ലാ ഓഫീസർ, സീനിയർ ഡി.റ്റി.സി എന്നിവർക്ക്
3. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്